ഫോക്കസ്

# കേരളത്തിലെ ഐ.റ്റി.വ്യവസായം

Focust on I T INDUSTRY IN KERAL

ഐ.പി.എസ്.ആർ

## കംപ്യൂട്ടർ പരിശീലന രംഗത്ത് ആഗോള മികവുമായി

കേരളത്തിലെ വിവര സാങ്കേതിക മേഖലയിൽ മികവാർന്ന സേവനങ്ങൾ നൽകി ശ്രദ്ധേയമായ ഐ.പി.എസ്.ആർ പ്രവർത്തനം വ്യാപിപ്പിക്കുന്നു. വിദേശരാജ്യങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് കൂടി ഐ.റ്റി സർട്ടിഫിക്കേഷൻ കോഴ്സുകൾ ആരംഭിക്കുകയാണിവിടെ. ഇതോടെ യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിൽ നിന്നും വിദ്യാർത്ഥികൾക്ക് ഇവിടുത്തെ സർട്ടിഫിക്കേഷനുകൾ കരസ്ഥമാക്കാൻ സാധിക്കും. പഠനത്തോടൊപ്പം ഒഴിവുകാലം ചെലവഴിക്കാൻ കൂടി ഇത് വഴിയൊരുക്കുന്നുവെന്ന് ഐ.പി.എസ്.ആർ മാനേജിംഗ് ഡയറക്ടർ ഡോ.മെൻഡസ് ജേക്കബ് പറയുന്നു. കോട്ടയം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഐ.പി.എസ്.ആർ പ്രവർത്തനം നടത്തിവരുന്നത്.



ഡോ.മെൻഡസ് ജേക്കബ്

കേരളത്തിൽ നിന്നുകൊണ്ട് പ്രാദേശിക വിഭവശേഷികളുപയോഗിച്ച് സോഫ്റ്റ്‌വെയർ പ്രൊഡക്റ്റുകൾ സ്വന്തമായി വികസിപ്പിച്ചെടുക്കാൻ സാധിച്ചുവെന്നതാണ് ഐ.പി.എസ്.ആറിന്റെ നേട്ടം. വ്യാപാരമേഖലയ്ക്കായി വികസിപ്പിച്ച eZcom എന്ന എക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സ്വദേശത്തും വിദേശത്തുമുള്ള വിപണിയിൽ ശ്രദ്ധേയമായി.

വെബ്സൈറ്റുകൾ കൈകാര്യം ചെയ്യുന്നതിനായി ഐ.പി.എസ്.ആർ വികസിപ്പിച്ച ഐ.സി.എ.എസ് എന്ന സോഫ്റ്റ്‌വെയർ കേരളത്തിലെ 20ഓളം പ്രൊഫഷണൽ കോളെജുകൾ ഉപയോഗിക്കുന്നുവെന്നതും ഐ.പി.എസ്.ആറിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്.

ഐ.പി.എസ്.ആർ ഗ്രൂപ്പിന്റെ മറ്റൊരു ശാഖയായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രൊഫഷണൽ സ്റ്റഡീസ് ആൻഡ് റിസർച്ച് തൊഴിലധിഷ്ഠിത ഐ.റ്റി കോഴ്സുകളും നടത്തിവരുന്നുണ്ട്. ലിനക്സിന്റെ 'റെഡ് ഹാറ്റ് ലേണിംഗ് സർവീസസ് നാഷണൽ അവാർഡ്' സ്വന്തമാക്കിയെന്ന സവിശേഷതയുമുണ്ട്. ബാംഗ്ലൂർ, ബോംബെ എന്നിവിടങ്ങളിലെ പരിശീലകരെ പിന്നിലാക്കി തുടർച്ചയായ രണ്ടാം വർഷവും ഈ ബഹുമതി ഐ.പി.എസ്.ആർ നേടി എന്നതും ശ്രദ്ധേയമാണ്.

ഏഷ്യയിൽ ഏറ്റവുമധികം ആർ.എച്ച്.സി.ഇ പരീക്ഷകൾ സംഘടിപ്പിച്ച പരിശീലകർ എന്ന ബഹുമതിക്കും ഐ.പി.എസ്.ആർ അർഹമായി.

വിദ്യാർത്ഥികൾക്ക് തൊഴിൽ നേടിക്കൊടുക്കുന്നതിനായി ഐ.പി.എസ്.ആറിൽ കരിയർ സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്.

ക

കംപ്യൂട്ട
ശേഖരമൊ
വിതരണമേ
പതിപ്പിച്ചു
കോട്ടയത്തെ
1999ൽ പ്രവ
ണിന്ന് മിക
മേഖലയിലെ
രിക്കുകയാ
റിലെ കം
പ്രധാന അ
രായ ഓന
എപ്സൺ,
എച്ച്.സി.എ
സഹാറ എ
രീതിയിൽ
ഓഫീസും
ണിന് കോട്ട
എന്ന റീറ്റെ
250ഓള
വർക്ക്, മിക
ല്ലാം ഉപ
സ്ഥാനം ഉ
ചീഫ് എക്
മാക്കി.